മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 5

# വാർത്താക്കുറിപ്പ്

## പ്രൊഫ. സാബു തോമസ് പത്രാധിപ സമിതിയിൽ

പോളണ്ട് ആസ്ഥാനമായുള്ള വേൾഡ് അക്കാദമി ഓഫ് മെറ്റീരിയൽസ് ആന്റ് മാനുഫാക്ചറിങ്ങ് എഞ്ചിനീയറിങ്ങ്, അസ്സോസിയേഷൻ ഓഫ് കമ്പ്യൂട്ടേഷണൽ മെറ്റീരിയൽസ് സയൻസ് ആന്റ് സർഫസ് എഞ്ചിനീയറിങ്ങ് എന്നിവയുടെ ആഭിമുഖ്യത്തിലുള്ള ജേണൽ ഓഫ് മെറ്റീരിയൽസ് ആന്റ് മാനുഫാക്ചറിങ്ങ് എഞ്ചിനീയറിങ്ങ്, ആർകൈവ്സ് ഓഫ് മെറ്റീരിയൽസ് സയൻസ് ആന്റ്എഞ്ചിനീയറിങ്ങ് എന്നീ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപസമിതിയിലേക്ക് മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറും നാനോ പോളിമർ മേഖലയിലെ പ്രമുഖ ശാസ്ത്രജ്ഞനുമായ പ്രോഫ. സാബു തോമസിനെ തെരഞ്ഞെടുത്തു. ഗവേഷണ മേഖലയിൽ ഏറെ പ്രാധാന്യമുള്ള റഫറൽ പ്രസിദ്ധീകരണങ്ങളാണ് ഇവ രണ്ടും.

(പി.ആർ.ഒ./39/265/2022)

## എം.ജി. യിൽ വനിതാദിനാഘോഷം

ലോക വനിതാദിനാഘോഷത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വനിതാ സമ്മേളനം, മധ്യകേരളത്തിന്റെ പെൺ പെരുമയെക്കുറിച്ചുള്ള എക്സിബിഷൻ, വീഡിയോ ചത്രീകരണ മത്സരം എന്നിവ സംഘടിപ്പിക്കുന്നു.

മാർച്ച് ഏഴിന് ഉച്ചയ്ക്ക് രണ്ടിന് ഓൺലൈനായി സംഘടിപ്പിക്കുന്ന വനിതാസമ്മേളനം സിൻഡിക്കേറ്റ് അംഗം ഡോ. ഷാജിലാ ബീവി ഉദ്ഘാടനം ചെയ്യും. 'അതിജീവനത്തിന്റെ സ്ത്രീപർവ്വം' എന്ന വിഷയത്തെ ആധാരമാക്കി പ്രശസ്ത സിനിമാ സംവിധായിക വിധു വിൻസന്റ് പ്രഭാഷണം നടത്തും.

വനിതാദിനാഘോഷത്തോടനുബന്ധിച്ച് സർവ്വകലാശാല പഠനവകുപ്പുകൾ, അഫിലിയേറ്റഡ് കോളേജുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കായി നടത്തിയ ഇന്റർ കോളേജിയേറ്റ് തീം പ്രസന്റേഷൻ വീഡിയോ മത്സരത്തിന്റെ ഫലപ്രഖ്യാപനവും സമ്മേളനത്തിൽ നടത്തും.

കലാ-സാംസ്കാരിക-സാമൂഹ്യ-കായിക-വിദ്യാഭ്യാസ മേഖലകളിൽ വേറിട്ട സംഭാവനകൾ നൽകിയ മധ്യകേരളത്തിൽ നിന്നുള്ള വനിതാ വ്യക്തിത്വങ്ങളെക്കുറിച്ച് സംഘടിപ്പിച്ചിട്ടുള്ള പ്രദർശനം മാർച്ച് എട്ടിന് സർവ്വകലാശാല കാമ്പസിലെ അഷ്ടദളത്തിൽ നടക്കും. പ്രദർശനം മാർച്ച് 11 വരെ ലൈബ്രറിയിൽ തുടരും.

(പി.ആർ.ഒ./39/266/2022)

## അപേക്ഷാ തീയതി നീട്ടി

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2020 അഡ്മിഷൻ - പുതിയ സ്കീം - റഗുലർ / 2019 അഡ്മിഷൻ -

2013 അഡ്മിഷൻ മേഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ സൈബർ ഫോറൻസിക് (സി.ബി.സി.എസ്. 2020 അഡ്മിഷൻ - റഗുലർ / 2019 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / റീ-അപ്പിയറൻസ്, സി.ബി.സി.എസ്.എസ്. 2014-2018 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷകളുടെ അപേക്ഷാ തീയതി നീട്ടി. പിഴയില്ലാതെ മാർച്ച് ഏഴ് മുതൽ 10 വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് 11 മുതൽ 13 വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി മാർച്ച് 14 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/267/2022)

## പരീക്ഷാ ഫലം

2021 ആഗസ്റ്റിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് നടത്തിയ 2020 -22 ബാച്ച് ഒന്നാം സെമസ്റ്റർ എം.എ. (പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് / പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ് / പൊളിറ്റിക്സ് - പബ്ലിക് പോളിസി ആന്റ് ഗവേണൻസ്) (സോഷ്യൽ സയൻസസ് ഫാക്കൽറ്റി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/268/2022)

നാലാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി. (2018 അഡ്മിഷൻ - റഗുലർ / എൽ.എൽ.ബി. (ത്രിവത്സരം) 2014-2017 അഡ്മിഷൻ - സപ്ലിമെന്ററി / 2013 അഡ്മിഷൻ - ഒന്നാം മേഴ്സി ചാൻസ് / 2012 അഡ്മിഷൻ - രണ്ടാം മേഴ്സി ചാൻസ് / 2012 ന് മുൻപുള്ള അഡ്മിഷൻ - മൂന്നാം മേഴ്സി ചാൻസ് പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മാർച്ച് 18 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കണം.

(പി.ആർ.ഒ./39/269/2022)

ഒന്ന്, രണ്ട് വർഷ 2016-2019 ബാച്ച്, ഒന്നാം വർഷ 2017-2020 ബാച്ച് - അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആർക്കിയോളജി ആൻഡ് മ്യൂസിയോളജി പ്രോഗ്രാം പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മാർച്ച് 19 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

(പി.ആർ.ഒ./39/270/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ